പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3236 — 18.10.2016 - ൽ മറുപടിക്ക്

## കൺസ്യൂമർഫെഡ് അഴിമതിക്കേസ്

**ചോദ്യം**
ശ്രീ.പി.കെ.ശശി

**മറുപടി**
ശ്രീ. എ.സി.മൊയ്തീൻ
(സഹകരണവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | മുൻ സർക്കാർ കാലയളവിലെ സഹകരണ വകുപ്പുമന്ത്രി ഉൾപ്പെട്ട കൺസ്യൂമർഫെഡ് അഴിമതിക്കേസ് ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ; | (എ) | മുൻ സർക്കാരിന്റെ കാലയളവിലെ കൺസ്യൂമർഫെഡ് അഴിമതി കേസ് ഇപ്പോൾ അന്തിമ ഘട്ടതിലാണ്. കൺസ്യൂമർഫെഡറേഷനിലെ ഗുരുതരമായ ക്രമക്കേടുകൾ, ഘടന, പ്രവർത്തനം, സാമ്പത്തിക സ്ഥിതി എന്നിവ ഉൾപ്പെട്ട 28 വിഷയങ്ങളെപ്പറ്റി കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണത്തിന് ഉത്തരവാകുകയും നിലവിൽ അന്വേഷണം നടന്നുവരികയുമാണ്. അന്വേഷണത്തിന്റെ അവസാന ഭാഗമായ ഹിയറിംഗ് നടന്നു വരികയാണ്. |
| (ബി) | പ്രസ്തുത കൺസ്യൂമർഫെഡ് അഴിമതിയുമായി ബന്ധപ്പെട്ട മറ്റുദ്യോഗസ്ഥർ ആരെല്ലാം; ഇവരുടെ പേരിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കുമോ; | (ബി) | കൺസ്യൂമർഫെഡിലെ അഴിമതിയുമായി ബന്ധപ്പെട്ട നിലവിൽ സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം നടന്നു വരികയാണ്. പ്രസ്തുത അന്വേഷണത്തിന്മേൽ ലഭ്യമായ ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന കൺസ്യൂമർഫെഡിലെ ഉദ്യോഗസ്ഥർ കുറ്റക്കാരാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.<br>1. ശ്രീ.റിജി.ജി.നായർ<br>2. ശ്രീ.സ്വീഷ് കുമാർ<br>3. ശ്രീ.മഹേഷ് കുമാർ<br>4. ശ്രീ.റോയ് കുട്ടി<br>5. ശ്രീമതി.കെ.എൻ.മഞ്ജു<br>6. ശ്രീ.പ്രശാന്ത്.ആർ<br>7. ശ്രീ.എം.എസ്.സമഗ്രൻ |

8. ശ്രീ.ജെയിംസ് കുര്യൻ
9. ശ്രീ.ആർ.ജയകുമാർ
10. ശ്രീ.രജ്ഞു വിജയൻ
11. ശ്രീ.രാജീവ്
12. ശ്രീ.സി.യു.സുരേഷ് കുമാർ

മേൽ ഉദ്യോഗസ്ഥർ നടത്തിയ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ലഭിച്ച ഇടക്കാല റിപ്പോർട്ട്, മേൽ നടപടികൾക്കായി സഹകരണ സംഘം രജിസ്ട്രാറുടെ 11/79 സർക്കുലർ പ്രകാരം പോലീസ് വകുപ്പിന് കൈമാറിയിട്ടുണ്ട്. 65-ാം വകുപ്പ് പ്രകാരമുള്ള അന്തിമ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയതിൽ കുറ്റക്കാർ എന്നു തെളിയുന്നവർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**(സി)** മുൻസർക്കാർ കാലയളവിൽ കൺസ്യൂമർഫെഡ് വിദേശ മദ്യം വാങ്ങിയതിൽ ഓരോ വർഷവും ലഭിക്കേണ്ട ഇൻസെന്റീവ് തുക എത്രയെന്നും എത്ര തുകയാണ് കൺസ്യൂമർഫെഡിന് ലഭിച്ചതെന്നും വ്യക്തമാക്കുമോ?

**(സി)** കൺസ്യൂമർഫെഡറേഷനിലേയ്ക്ക് മദ്യം വാങ്ങുന്നത് ബീവറേജസ് കോർപ്പറേഷനിൽ നിന്നാണ്. ആയതിനാൽ കമ്പനികളുമായി മുൻകാലങ്ങളിൽ ഇൻസെന്റീവ് പ്ലാൻ ചർച്ച ചെയ്യുകയോ തീരുമാനിക്കുകയോ ഉണ്ടായിട്ടില്ല. ആയതിനാൽ ഇൻസെന്റീവ് വകയിൽ ലഭിക്കേണ്ട തുകയെത്രയെന്ന് കണക്കാക്കിയിട്ടില്ല.

2011-2012 കാലയളവ് മുതൽ 2015-2016 വരെ കൺസ്യൂമർഫെഡറേഷന് ലഭിച്ചിട്ടുള്ള ഇൻസെന്റീവ് തുക സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ചുവടെ ചേർക്കുന്നു.

| വർഷം | ഇൻസെന്റീവ് |
|---|---|
| 2011-2012 | 4.92 ലക്ഷം |
| 2012-13 | 4.27 ലക്ഷം |
| 2013-14 | 2.95 ലക്ഷം |
| 2014-15 | 4.10 ലക്ഷം |
| 2015-16 | 102.04 ലക്ഷം |

സെക്ഷൻ ഓഫീസർ